## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1314 — 04-02-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### പ്രളയനാശനഷ്ടം കണക്കാക്കിയ റീ ബിൽഡ് ആപ്പിനെതിരെ പരാതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| എ) | പ്രളയത്തിൽ വീടുകൾക്കും മറ്റും സംഭവിച്ച നാശനഷ്ടം റീ ബിൽഡ് ആപ് വഴി തിട്ടപ്പെടുത്തിയതിനെതിരെ വ്യാപകമായ പരാതികൾ ഉയർന്നിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കുമോ; | ബി) | ലഭ്യമായ പരാതികൾ ജില്ലാ കളക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർ മുഖാന്തിരം വീണ്ടും പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടർമാർ 31.01.2019 വരെ അപ്പീലുകൾ സ്വീകരിച്ചിരുന്നു. ഈ അപ്പീലുകൾ നഗരസഭകൾ വഴിയും താലൂക്ക് ഓഫീസുകൾ വഴിയും സാങ്കേതിക വിദഗ്ദ്ധർ വീണ്ടും പരിശോധിച്ച് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| സി) | നാശനഷ്ടം തിട്ടപ്പെടുത്തുന്നതിൽ മുൻപരിചയം ഇല്ലാത്ത കോളേജ് വിദ്യാർത്ഥികളെ ഇതിനായി നിയോഗിച്ചത് എന്തടിസ്ഥാനത്തിൽ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ? | സി) | പ്രളയം മൂലം വിവിധ ജില്ലകളിൽ സംഭവിച്ച നാശനഷ്ടം തിട്ടപ്പെടുത്തുന്നതിനും വിവരങ്ങൾ റീബിൽഡ് ആപ്പിൽ അപ് ലോഡ് ചെയ്യുന്നതിനും, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വോളന്റിയർമാരെ ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്താണ് നിയോഗിച്ചത്. പ്രിലിമിനറി സർവ്വേക്ക് മാത്രമാണ് ഇപ്രകാരം ചെയ്തത്. ഇവർക്ക് ആവശ്യമായ പരിശീലനം നൽകിയാണ് |

| | | | |
|---|---|---|---|
| | | | മൊബൈൽ ആപ്പ് വഴി സർവ്വേ നടത്തിയത്. ടി സർവ്വേ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർ വീണ്ടും പരിശോധന നടത്തിയാണ് ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ